## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2822

20 .03.2015-ൽ
മറുപടിയ്ക്ക്

### 'കൊയിലാണ്ടി താലൂക്കിലെ കർഷകരിൽ നിന്ന് ഭൂനികുതി'

ചോദ്യം
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

മറുപടി
ശ്രീ.അടൂർ പ്രകാശ്
റവന്യൂവും കയറും വകുപ്പ് മന്ത്രി

(എ) കൊയിലാണ്ടി താലൂക്കിലെ ഏതെല്ലാം വില്ലേജുകളിലെ ഏതെല്ലാം പ്രദേശങ്ങളിലെ ഭൂമികളിൽ നിന്നാണ് നികുതി സ്വീകരിക്കേണ്ടതില്ല എന്ന നിർദ്ദേശം നൽകിയിട്ടുളളത് എന്ന് വ്യക്തമാക്കുമോ;

(എ) കൊയിലാണ്ടി താലൂക്കിലെ കൂരാച്ചുണ്ട്, ചക്കിട്ടപ്പാറ വില്ലേജുകളിലെ ചില ഭാഗങ്ങളിൽ വനം ഭൂമി കയ്യേറ്റം ആരോപിച്ച് കർഷകരിൽ നിന്നും ഭൂനികുതി സ്വീകരിക്കുന്നില്ല.

(ബി) അതിനുള്ള കാരണം വിശദമാക്കാമോ;

(സി) ഭൂനികുതി സ്വീകരിക്കാത്തതു മൂലം കർഷകർക്കുണ്ടാകുന്ന ബുദ്ധമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നു വിശദമാക്കാമോ?

(ബി)& (സി) വനഭൂമി കയ്യേറ്റം കാരണമായ പ്രശ്നത്തിൽ 16/1/2013-ന് നടത്തിയ യോഗത്തിൽ 1/1/1977-ന് മുൻപ് പട്ടയമോ, ആധാരമോ, ലാന്റ് ഏരിയ രജിസ്റ്ററോ കർഷകന് അനുകൂലമാണെങ്കിൽ ടി ഭൂമിക്ക് നികുതി സ്വീകരിക്കുന്നതിന് അനുമതി നൽകിയിരുന്നു. ആയതിൻെറ അടിസ്ഥാനത്തിൽ രേഖാപരിശോധന നടത്തി 47 ആളുകളിൽ നിന്നും നികുതി സ്വീകരിക്കാൻ യോഗ്യമാണെന്ന് കണ്ടെത്തി 42 പേരിൽ നിന്നും ഭൂനികുതി സ്വീകരിച്ചിരുന്നു. എന്നാൽ 03/07/2013-ന് ജില്ലാ ഫോറസ്റ്റ് ഓഫീസർ, കോഴിക്കോട്, മേൽപറഞ്ഞ 47 വ്യക്തികളുടെ ഭൂമി 1991-94 കാലഘട്ടത്തിലെ വന-റവന്യൂ സംയുക്ത പരിശോധനയിൽ പൂർണ്ണമായോ, ഭാഗികമായോ വനഭൂമിയിൽ ഉൾപ്പെടുന്നതാണെന്നും ടി സാഹചര്യത്തിൽ നികുതി സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാരിൻെറ അനുമതി വാങ്ങി നിക്ഷിപ്ത വനത്തിൽ നിന്നും ഒഴിവാക്കിയാൽ മാത്രമേ വനേതര പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ പാടുളളൂ എന്നതിനാൽ ടി നടപടി റദ്ദ്

ചെയ്യണമെന്നാവശ്യപ്പെട്ടു.

തുടർന്ന് 4/3/2014-ന് ബഹു. മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ ടി കേസുകളിൽ കർഷകർ കൈവശംവെച്ചിരിക്കുന്ന ഭൂമി വനം വകുപ്പ് ഉദ്യോഗസ്ഥർ പരിശോധിച്ചതിനുശേഷം 1/1/1977-ന് മുൻപ് കൃഷിഭൂമിയാണെങ്കിൽ കർഷകർക്കും, വനഭൂമിയിൽപ്പെട്ടതാണെങ്കിൽ വനം വകുപ്പിനും കൈമാറണമെന്ന് നിർദ്ദേശമുണ്ടായി.

ആയതിന്മേൽ 11/7/2014-ന് ബഹു. മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ നികുതി സ്വീകരിച്ച ഭൂമിയിൽ തീരുമാനം എടുക്കാനായി ജോയിന്റ് വെരിഫിക്കേഷന് ഒരു സ്പെഷ്യൽ ടീമിനെ രൂപീകരിക്കാൻ നിശ്ചയിച്ച പ്രകാരം വനം, റവന്യൂ, സർവ്വേ അംഗങ്ങൾ ഉൾപ്പെട്ട ഒരു സ്പെഷ്യൽ ടീം കൂരാചുണ്ടിൽ സ്ഥലപരിശോധന നടത്തി വരുന്നുണ്ട്. ചില സന്ദർഭങ്ങളിൽ വനം വകുപ്പിന് അവരുടെ അതിർത്തി കാണിച്ചു തരാൻ കഴിയാത്ത സാഹചര്യത്തിൽ തടസ്സം നേരിട്ടിരുന്നെങ്കിലും 17/3/2015 മുതൽ വീണ്ടും സംയുക്ത പരിശോധന ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ